(ഇ) ഡീംഡ് യൂണിവേഴ്സിറ്റിയായി സംസ്ഥാനത്തെ ഏതെങ്കിലും കോളേജ് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; ഇതിന് സർക്കാർ അനുമതി ആവശ്യമാണോ; എങ്കിൽ ഏതെല്ലാം കോളേജുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള സർവ്വകലാശാലകളുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറയിൽ ഒരു ഗവൺമെന്റ് ആർട്സ് ആൻറ് സയൻസ് കോളേജ് തുടങ്ങുന്നതിന് അനുമതി നൽകി 22-7-2005-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സർവ്വകലാശാലകളുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിന് ബന്ധപ്പെട്ട യൂണിവേഴ്സിറ്റികൾക്ക് അധികാരം നൽകി നിയമങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. നാളിതുവരെ ഒരു കോളേജിനും സ്വയംഭരണ സ്ഥാപനങ്ങളായി അംഗീകാരം ലഭിച്ചിട്ടില്ല. മാനദണ്ഡം നിശ്ചയിക്കുന്നത് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷനാണ്.

(ഇ) ഡീംഡ് യൂണിവേഴ്സിറ്റിയായി കോളേജുകളെ തെരഞ്ഞെടുക്കുന്നതിനു മുമ്പ് യു. ജി. സി. സർക്കാരിന്റെ അഭിപ്രായം തേടാറുണ്ട്. ഇതുവരെ ഒരു കോളേജിനും സർക്കാർ അനുമതി നൽകിയിട്ടില്ല.

എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

47 [2350] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. വി. ഡി. സതീശൻ:
,, വർക്കല കഹാർ:
,, സി. പി. മുഹമ്മദ്:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളിൽ എസ്.എസ്.എൽ.സി.ക്ക് കരസ്ഥമാക്കിയ ഉയർന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പും മറ്റാനുകൂല്യങ്ങളും നൽകിയിരുന്നോ;

(ബി) എങ്കിൽ ഏതെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിരുന്നത്;

(സി) മുൻ വർഷങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് എത്ര മാർക്കുവരെ വാങ്ങിയവർക്കാണ് ഈ ആനുകൂല്യം നൽകിയിട്ടുള്ളത്;

(ഡി) ഈ വർഷം മുതൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് ഇത്തരം ആനുകൂല്യം നൽകുവാൻ ഉദ്ദേശമുണ്ടോ;

(ഇ) എങ്കിൽ അതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും എസ്. എസ്. എൽ.സി.ക്ക് ഉയർന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്.

(ബി) പ്രധാനമായും ജില്ലാ മെറിറ്റ് സ്കോളർഷിപ്പും നാഷണൽ മെറിറ്റ് സ്കോളർഷിപ്പുമാണ് നൽകുന്നത്.

(സി) മുൻ വർഷങ്ങളിൽ ടി സ്കോളർഷിപ്പുകൾ അനുവദിക്കപ്പെട്ടവരുടെ/അർഹതയുള്ളവരുടെ കുറഞ്ഞ മാർക്കുകൾ താഴെ കൊടുത്തിരിക്കുന്നു:

കൊല്ലം	ജില്ലാ മെറിറ്റ് സ്കോളർഷിപ്പ്	നാഷണൽ മെറിറ്റ് സ്കോളർഷിപ്പ്
1998 മാർച്ച്	572	536
1999	577	541
2000	574	545
2001	572	546
2002	577	554

2003,2004 വർഷത്തേക്ക് അർഹതയുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി ആൻറ് ഇ) ഈ വർഷം (2005) മുതൽ എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ടി സ്കോളർഷിപ്പുകൾ തുടർന്ന് അനുവദിക്കുന്നതിനുള്ള മാനദണ്ഡം തീരുമാനിക്കപ്പെടേണ്ടതാണ്.

ഐ. ടി. അറ്റ് സ്കൂളിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

48 [2351] ശ്രീ. ടി. എം. ജേക്കബ്:
,, ആർ. ബാലകൃഷ്ണപിള്ള:
,, ജോണി നെല്ലൂർ:
,, ഷിബു ബേബി ജോൺ:
,, കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. അറ്റ് സ്കൂളിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി ആരംഭിച്ചിട്ട് എത്ര വർഷമായി;

(സി) ഈ കാലയളവിൽ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ ഏതെല്ലാം;

(ഡി) ഐ. ടി. അറ്റ് സ്കൂളിൽ ഏത് സോഫ്റ്റ്വെയറാണ് ഉപയോഗിക്കുന്നത്;

(ഇ) സ്വതന്ത്ര സോഫ്ട്വെയറിലേക്ക് മാറുന്നതു സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുമായി ചർച്ചകൾ നടന്നിരുന്നോ;

(എഫ്) എങ്കിൽ തീരുമാനം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly